## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6883 — 10.07.2014 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച എത്ര ഐ.ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐകളും കണ്ണൂർ ജില്ലയിലെ കുത്തുപറമ്പിൽ ഒരു ഐ.റ്റി.ഐയും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു ഐ.റ്റി.ഐയും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐകൾ അനുവദിച്ചിട്ടുണ്ട്. ടി ഐ.റ്റി.ഐ കളിൽ<br><br>i) പള്ളിപ്പാട് ഐ.റ്റി.ഐക്ക് പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് Survey No. 419/6, 419/7 കളിൽപ്പെട്ട (74.5 സെന്റ് ) സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥലത്ത് ഐ.റ്റി.ഐക്ക് കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്.<br><br>ii) ഐ.റ്റി.ഐ ചങ്ങനാശ്ശേരി, ഐ.റ്റി.ഐ വെസ്റ്റ് എളേരി, ഐ.റ്റി.ഐ താഴേക്കോട് എന്നീ ഐ.റ്റി.ഐകൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയിട്ടില്ല. ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഐ.റ്റി.ഐക്കായി 1.75 ഏക്കർ സ്ഥലം കണ്ടെത്തിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.<br><br>iii) കുത്തുപറമ്പ് ഐ.റ്റി.ഐക്കായി കുത്തുപറമ്പ് വില്ലേജിൽ 91 സെന്റ് സ്ഥലം കുത്തുപറമ്പ് നഗരസഭ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. |

iv) കൊഴിഞ്ഞാംപാറ ഐ.റ്റി.ഐക്കായി നാട്ടുകാൽ വില്ലേജിൽ 4.29 ഏക്കർ സ്ഥലം ബഹു.ചിറ്റൂർ എം.എൽ.എ ശ്രീ. അച്യുതൻ അവർകളുടെ പേരിൽ വാങ്ങിയത്, ഐ.റ്റി.ഐ സ്ഥാപിക്കുന്നതിനായി വകുപ്പിന് റിലിൻഗിഷ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) ഐ.ടി.ഐ. കൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

(ബി) അടിസ്ഥാനസൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.റ്റി.ഐകൾ അനുവദിച്ചിട്ടുള്ളത്. അടിസ്ഥാനസൗകര്യം ലഭ്യമാക്കിയിട്ടില്ലാത്ത ഐ.റ്റി.ഐ കൾക്ക് ആയത് അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാക്കിയിട്ടുള്ള ഐ.റ്റി.ഐ കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ തലത്തിൽ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ